ജില്ലാതല കലാ ജാഥ

തൃശൂർ: കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ മോഡൽ സിഡിഎസുകളിൽ ധീരം- സ്വയം പ്രതിരോധ പരിശീലനം ആരംഭിക്കും. സ്ത്രീകളിൽ സ്വയം പ്രതിരോധ ശേഷിയും ആത്മവിശ്വാസവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണു പരിശീലനം നടത്തുന്നത്. പരിശീലന പരിപാടിയുടെ പ്രചാരണത്തിന്റെ ഭാഗമായി തൃശൂർ കുടുംബശ്രീ രംഗശ്രീ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ രണ്ടു ദിവസങ്ങളിലായി വാടാനപ്പിള്ളി, ഒരുമനയൂർ, പോർക്കുളം, പാറളം, വേളൂക്കര, ആളൂർ എന്നീ സിഡിഎസുകളിൽ തെരുവു നാടകം അവതരിപ്പിക്കും. വാടാനപ്പിള്ളി സിഡിഎസിൽ പഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഭാസി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ ബീന ഷെല്ലി അധ്യക്ഷത വഹിച്ചു. കുടുംബശ്രീ അസി. ജില്ലാമിഷൻ കോ ഓർഡിനേറ്റർ കെ.കെ പ്രസാദ് വിഷയാവതരണം നടത്തി. കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ ഡോ.യു.മോനിഷ, രംഗശ്രീ ഗ്രൂപ്പ് അംഗങ്ങളായ ടി.ആർ ശശികല, വി.കെ രാജേശ്വരി, പി.വി ഷൈനി, നൂർജഹാൻ, സത്യ മാളിയേക്കൽ, ലീന പ്രസാദ്, ഐഷാബി, ഷീല വേലായുധൻ തുടങ്ങിയവർ തെരുവുനാടകം അവതരിപ്പിച്ചു.

യൂണിഫോം വിതരണം

ചാലക്കുടി: ലോക കായിക ദിനത്തിനോടനുബന്ധിച്ചു ചായ്പൻകുഴി ഗവ.സ്കൂളിലെ വിദ്യാർഥികൾക്കു ചാലക്കുടി ലയൺസ് ക്ലബ്ബ് യൂണിഫോമുകളും സ്പോർട്സ് ഉപകരണങ്ങളും വിതരണം ചെയ്തു. ക്ലബ്ബ് പ്രസിഡന്റ് ജോമി കാവുങ്ങൽ വിതരണോദ്ഘാടനം നിർവഹിച്ചു, സെക്രട്ടറി സന്ദീപ്, ട്രഷറർ ഈപ്പൻ തോമസ്, ജിഎസ്ടി കോർഡിനേറ്റർ ബിജു പേരേപ്പാടൻ, സുനിൽ ഡേവിഡ്, ജെയിംസ് ചെറിയാൻ, ഹെഡ്മിസ്ട്രസ് ഷീജ ആന്റണി പങ്കെടുത്തു.

കാർണിവോറസ് സസ്യ പ്രദർശനം

ഇരിങ്ങാലക്കുട : സെന്റ് ജോസഫ്സ് കോളെജിലെ ബോട്ടണി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "ഡെവിൾസ് കിച്ചൺ എന്ന പേരിൽ കാർണിവോറസ് അഥവാ ഇരപിടിയൻ സസ്യങ്ങളുടെ പ്രദർശനം നടത്തി. ഇലത്തുമ്പിലിരുന്ന് ഒന്നു വിശ്രമിക്കാമെന്നു കരുതുന്ന കൊച്ചുപ്രാണിയെ നിമിഷത്തിനുള്ളിൽ കൊന്റ് ട്രാപ്പിലാക്കി ഇര പിടിക്കുന്ന വീനസ് ഫ്ലൈ ട്രാപ്പിന് പ്രാണിയെ നൽകി പ്രിൻസിപ്പൽ ഡോ.സിസ്റ്റർ ബ്ലെസി ഇരപിടിയൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. ഡ്രോസീറ, നെപെന്തസ്, വീനസ് ഫ്ലൈ ട്രാപ്പ് തുടങ്ങിയ വിവിധയിനം ഇരപിടിയൻ സസ്യങ്ങളാണു പ്രദർശനത്തിന് ഉണ്ടായിരുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്ന കാർണിവോറസ് സസ്യങ്ങൾ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നു. പ്രദർശനത്തിൽ താരമായ വീനസ് ഫ്ലൈ ട്രാപ്പ്, ഡ്രോസീറ സസ്യ കുടുംബത്തിൽ ഉൾപ്പെടുന്നവയാണ്. വൈസ് പ്രിൻസിപ്പൽ ഡോ.സിസ്റ്റർ ഫ്ലവററ്റ്, ബോട്ടണി വിഭാഗം മേധാവിയും പ്രോഗ്രാം കോർഡിനേറ്ററുമായ ഡോ.ആൽഫ്രഡ് ജോ, ബോട്ടണി അസോസിയേഷൻ സെക്രട്ടറി ഏയ്ഞ്ചൽ ജോർജ് പ്രസംഗിച്ചു. വിവിധ കോളെജുകളിൽ നിന്നു സ്കൂളിൽ നിന്നുമുള്ള വിദ്യാർഥികൾ സസ്യപ്രദർശനത്തിൽ പങ്കെടുത്തു.

പ്രതിഷേധ സമരം

തൃശൂർ: ഓണത്തിനു മുൻപേ പെൻഷനും ക്ഷേമനിധി ആനുകൂല്യങ്ങളും വിതരണം ചെയ്യണമെന്നാവശ്യപ്പെട്ടു നിർമാണ തൊഴിലാളി ട്രേഡ് യൂണിയൻ ഐക്യ സമിതിയുടെ നേതൃത്വത്തിൽ തൃശൂർ ക്ഷേമനിധി ഓഫീസിനു മുൻപിൽ പ്രതിഷേധ സമരം നടത്തി. ചെയർമാൻ കെ.കെ.ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് പി.ജി. ബേബി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.എൻ.രാജൻ മുഖ്യപ്രഭാഷണം നടത്തി. വിവിധ തൊഴിലാളി യൂണിയൻ ഭാരവാഹികളായ എം.എൻ.സുരേഷ്, വറീത് ചിറ്റിലപ്പിള്ളി, സത്താർ അന്നമനട, സി.ആർ.ഉണ്ണികൃഷ്ണൻ, ജ്യോതിബാസു പ്രസംഗിച്ചു. ഒ.കെ.വത്സലൻ, എ.ആർ. ചന്ദ്രൻ, ജൂഡ്ജോസഫ്, കെ. ശോഭന നേതൃത്വം നൽകി.

സാക്ഷരതാ പരീക്ഷ

തൃശൂർ: സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി അതിഥി തൊഴിലാളികളെ മലയാളം പഠിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന ചങ്ങാതി പദ്ധതിയുടെ സാക്ഷരതാ പരീക്ഷ -മികവുത്സവം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് കൊൽക്കത്ത സ്വദേശി അത്തറുളിന് (32) ചോദ്യപ്പേപ്പർ നൽകി ഉദ്ഘാടനം ചെയ്തു. കൊടകര പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ അധ്യക്ഷയായി. പഞ്ചായത്ത് അസി.സെക്രട്ടറി സുനിൽകുമാർ മുഖ്യാതിഥിയായി. ഇൻസ്ട്രക്ടർമാരായ വാസുദേവൻ, ബിജി എന്നിവരാണ് 60ൽപ്പരം ചങ്ങാതി പഠിതാക്കൾക്കുള്ള നാലുമാസം നീണ്ടുനിന്ന ക്ലാസുകൾക്കു നേതൃത്വം നൽകിയത്. സാക്ഷരതാ മിഷൻ കോർഡിനേറ്റർ നിർമ്മല റേച്ചൽ ജോയ്, പഞ്ചായത്ത് പ്രേരക് രജിത പ്രസംഗിച്ചു.

ലഹരി വിമുക്ത കേരളം: പരിഷ്കരിച്ച മദ്യനയം പ്രതിപക്ഷ നേതാവിന് സമർപ്പിച്ചു

പ്രകടന പത്രികയിൽ ഉൾപ്പെടുത്താനുള്ള പരിഷ്കരിച്ച മദ്യനയം പ്രതിപക്ഷ നേതാവ് വി.ഡി സതീശന് മദ്യ വിമോചന മഹാസഖ്യം സംസ്ഥാന നേതാക്കൾ സമർപ്പിക്കുന്നു.

തൃശൂർ: ലഹരി വിമുക്ത കേരളത്തിനു യുഡിഎഫ് പ്രകടന പത്രികയിൽ ഉൾപ്പെടുത്താനുള്ള പരിഷ്കരിച്ച മദ്യനയം പ്രതിപക്ഷ നേതാവ് അഡ്വ.വി.ഡി സതീശനു മദ്യ വിമോചന മഹാസഖ്യം സംസ്ഥാന നേതാക്കൾ സമർപ്പിച്ചു. പ്രസിഡന്റ് ഇ.എ ജോസഫ്, ജനറൽ സെക്രട്ടറി കെ.എ മഞ്ജുഷ, നിർവാഹക സമിതി അംഗങ്ങളായ തോമസ് കരിപ്പായി, ബേബി കണ്ണംപടത്തി, കെ.എസ് ശിവരാമൻ എന്നിവരടങ്ങിയ സംഘമാണു സമർപ്പിച്ചത്. മദ്യ നിരോധന നിയമം നടപ്പിലാക്കാൻ നിലപാടു സ്വീകരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പുതുപ്പള്ളിയിലെ കബറിടത്തിൽ ഭാരവാഹികൾ പുഷ്പാർച്ചന നടത്തി. തുടർന്നു വാഹനയാത്രയായി തിരുവനന്തപുരത്തെത്തി പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ വെച്ചായിരുന്നു സമർപ്പണം. പുഷ്പാർച്ചനയിൽ സംസ്ഥാന വൈസ് പ്രസിഡന്റ് റോയ് ജോർജ് പങ്കെടുത്തു.

കനത്ത മഴയെ തുടർന്നു തൃശൂർ ഹൈറോഡിലെ പഴയ കെട്ടിടം തകർന്നു വീണപ്പോൾ

ഗ്യാസ് സിലിണ്ടറിന് തീ പിടിച്ചു ; പൊള്ളലേറ്റ് യുവാവ് ആശുപത്രിയിൽ

ചാലക്കുടി: കൊന്നക്കുഴിയിൽ വീട്ടിനുള്ളിൽ യുവാവിനു പൊള്ളലേറ്റു. കൊന്നക്കുഴി തണ്ടപ്പിള്ളി ആന്റു മകൻ അരുണിന് (36) ആണ് പൊള്ളലേറ്റത്. ഇന്നലെ ഉച്ചയ്ക്ക് ഒന്നരയോടെയായിരുന്നു സംഭവം. പൊള്ളലേറ്റ അരുണിനെ ആദ്യം ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിലും പിന്നീട് തൃശൂർ ജൂബിലി ആശുപത്രിയിലും പ്രവേശിപ്പിച്ചു. സംഭവം നടക്കുമ്പോൾ അരുൺ മാത്രമാണു വീട്ടിൽ ഉണ്ടായിരുന്നത്. ആശുപത്രിയിൽ ഡോക്ടർമാരോട് ഇയാൾ പറഞ്ഞിരിക്കുന്നതു ഗ്യാസ് സിലിണ്ടറിൽ നിന്നു തീ പിടിച്ചെന്നാണ്. എന്നാൽ അടുക്കളയിൽ അപകടം നടന്നതിന്റെ ലക്ഷണങ്ങളൊന്നും ഇല്ലെന്നു പറയുന്നു. സമീപത്തെ റൂമിലെ ബെഡും സെറ്റി, വസ്ത്രങ്ങൾ കത്തി നശിച്ച നിലയിലാണ്. മുറിയിലെ ടൈലുകൾ പൊട്ടി തകർന്നു. ടെറസ് വീടിന്റെ എല്ലാ മുറികളിലേക്കും തീ പടർന്നതിന്റെ ലക്ഷണങ്ങളുണ്ട്. ചാലക്കുടിയിൽ നിന്നു ഫയർഫോഴ്സെത്തിയാണു തീയണച്ചത്. ചാലക്കുടി പൊലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

ഊട്ടു തിരുനാൾ

കൊടകര : മൂന്നുമുറി സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിൽ. ഇടവക മധ്യസ്ഥനായ വിശുദ്ധ സ്നാപക യോഹന്നാന്റെ ഊട്ടു തിരുനാൾ ഇന്നും നാളെയും ആഘോഷിക്കും. ഇന്നു വൈകീട്ട് 5.30ന് പ്രസുദേന്തി വാഴ്ച്ച, വിശുദ്ധ കുർബാന, നൊവേന, പ്രദക്ഷിണം, ആകാശ വിസ്മയം എന്നിവ ഉണ്ടാവും. നാളെ രാവിലെ 5.30നും 6.30നും വിശുദ്ധ കുർബാന, 10ന് ആഘോഷമായ തിരുനാൾ കുർബാന, പ്രദക്ഷിണം ഉണ്ടാവും.

ഇടിച്ച വാഹനം കണ്ടെത്തിയില്ല

പൊലീസിനെതിരേ കേസെടുത്ത് മനുഷ്യാവകാശ കമ്മീഷൻ

കോഴിക്കോട്: കാറപകടത്തിൽ മുത്തശി മരിക്കുകയും ഒമ്പതു വയസുള്ള കൊച്ചുമകൾ അബോധാവസ്ഥയിലാവുകയും ചെയ്ത സംഭവത്തിൽ ഇടിച്ച വാഹനം കണ്ടെത്താത്ത പൊലീസിനെതിരേ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.ജില്ലാ പൊലീസ് മേധാവി (കോഴിക്കോട്റൂറൽ) ഇതുവരെ നടത്തിയ അന്വേഷണത്തിന്റെ പൂർണവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് നാലാഴ്ചയ്ക്കകം ഹാജരാക്കണമെന്നു കമ്മീഷൻ ജുഡീഷ്യൽ അംഗം കെ.ബൈജുനാഥ് ആവശ്യപ്പെട്ടു. വടകര ചേറോട് ദേശീയ പാതയിൽ ഫെബ്രു. 17ന് രാത്രി 10നാണുകണ്ണൂർ മേലെ ചൊവ്വ സ്വദേശി തൃഷാനയെയും (9), മുത്തശി ബേബിയെയും (68) അമിത വേഗത്തിൽ പോവുകയായിരുന്ന കാർ ഇടിച്ചു തെറിപ്പിച്ചത്. അപകടത്തിൽ ബേബി തൽക്ഷണം മരിച്ചു. മുണ്ടയാട് എൽ.പി സ്കൂളിൽ 5 ാം ക്ലാസ് വിദ്യാർഥിനിയായ തൃഷാനക്കു ഗുരുതരമായി പരുക്കേറ്റു. ആറു മാസമായി കോമയിൽ കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിത്സയിലാണ് തൃഷാന. കാർ അമിത വേഗത്തിലായിരുന്നുവെന്നു സംഭവത്തിനു ദൃക്സാക്ഷിയായ തൃഷാനയുടെ അമ്മ പറഞ്ഞു. ചേറോട് ദേശീയപാതയിലൂടെ കടന്നുപോയ വെള്ള നിറത്തിലുള്ള കാറാണ് ഇടിച്ചത്.സി.സി.ടി.വി ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളുണ്ടായിട്ടും വടകര പൊലീസിന് വാഹനം കണ്ടെത്താനായില്ല. നാലു മാസം മുൻപു കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്തു. എന്നിട്ടും തുമ്പുണ്ടായില്ല. ഇടിച്ച കാർ കണ്ടെത്താനായില്ലെങ്കിൽ ഇൻഷുറൻസ് സഹായം കിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളെജിലെ ഫിസിക്കൽ മെഡിസിൻ റിഹേബിലിറ്റേഷൻ സെന്ററിലെ വരാന്തയിലാണു തൃഷാനയുടെ കുടുംബം കഴിയുന്നത്. ഇടിച്ച കാറിന്റെ നമ്പർ കണ്ടെത്താനാവാത്തതു കാരണം വാഹനം കിട്ടിയില്ല. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണു കമ്മീഷൻ കേസെടുത്തത്.

തൃശൂർ കോർപ്പറേഷൻ ഓഫീസിനു മുൻപിൽ മഹിളാ കോൺഗ്രസ് നടത്തിയ പ്രതിഷേധ മാർച്ച്.

മഹിളാ കോൺഗ്രസ് പ്രതിഷേധ മാർച്ച് നടത്തി

തൃശൂർ: സ്ത്രീ പീഡകരെ സംരക്ഷിക്കുന്ന നിലപാടു സ്വീകരിച്ചിരിക്കുന്ന പിണറായി സർക്കാരിനും തുടർച്ചയായ സ്ത്രീ പീഡന പരാതികൾ നേരിടുന്ന മുകേഷ് എം.എൽ. എയ്ക്കുമെതിരേ മഹിളാ കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. കോർപ്പറേഷൻ ഓഫീസിനു മുൻപിൽ നടന്ന പ്രതിഷേധത്തിൽ മുകേഷ് എം.എൽ.എ, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ എന്നിവർ രാജിവെക്കണമെന്നു മഹിളാ കോൺഗ്രസ് ആവശ്യപ്പെട്ടു. സംസ്ഥാന ജനറൽ സെക്രട്ടറി സുബൈദ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ടി.നിർമ്മല അധ്യക്ഷയായി. ഡിസിസി വൈസ് പ്രസിഡന്റ് ഡോ.നിജി ജസ്റ്റിൻ മുഖ്യപ്രഭാഷണം നടത്തി. മഹിളാ കോൺഗ്രസ് സംസ്ഥാന സെക്രട്ടറി രാജലക്ഷ്മി കുറുമാത്ത്, ഡിസിസി സെക്രട്ടറി സി.ബി. ഗീത, സംസ്ഥാന അഡൈ്വസറി അംഗം ലീലാമ്മ, ജില്ലാ വൈസ് പ്രസിഡന്റുമാരായ ഷീന ചന്ദ്രൻ, റസിയ അബു, റെജി ജോർജ്ജ്, ഷീല ഹരിദാസ്. ട്രഷറർ ജിന്നി ജോയ്, ജനറൽ സെക്രട്ടറി സ്മിത മുരളി പ്രസംഗിച്ചു..

സിനിമാ മേഖലയിൽ തൊഴിൽ സുരക്ഷ ഉറപ്പാക്കണം

തൃശൂർ : ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിനിമാ മേഖലയിൽ സ്ത്രീകളുൾപ്പെടെയുള്ളവരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കണമെന്നു യുവകലാസാഹിതി ജില്ലാ കമ്മറ്റി പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു. ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് പൂർണമായും പ്രസിദ്ധപ്പെടുത്തുകയും കുറ്റാരോപിതർക്കെതിരേ നിയമ നടപടികളെടുക്കുകയും ചെയ്യണം. ഭാഗികമായി മാത്രം പുറത്തുവന്ന റിപ്പോർട്ട് പ്രകാരം മലയാള സിനിമാസമൂഹം തന്നെ സംശയരൂപേണ വീക്ഷിക്കപ്പെടുന്ന അവസ്ഥയിലാണുള്ളത്. ഈ പുകമറ തുടച്ചു നീക്കപ്പെടണം. കേവലം ലൈംഗിക പരാതികളുടെ തീർപ്പാക്കലുകളിൽ ഒതുങ്ങേണ്ട ഒന്നല്ല ഹേമ കമ്മറ്റി റിപ്പോർട്ട്. എഴുതി തയ്യാറാക്കപ്പെട്ട കരാറുകളുടെ അഭാവത്തിൽ നടീ-നടന്മാരുൾപ്പെടെയുള്ള സിനിമാ മേഖലയിലെ വിവിധ വിഭാഗം തൊഴിലാളികൾക്കു പറഞ്ഞുറപ്പിച്ച വേതനം പോലും കൃത്യമായി ലഭ്യമാകുന്നില്ല. എല്ലാം തന്നെ മാഫിയ സംഘങ്ങളുടെ കൈപ്പിടിയിലാണെന്നു ജസ്റ്റിസ് ഹേമ തന്റെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. നിരവധി ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനുസുദൃഢമായ ഒരു സംവിധാനം രൂപപ്പെടണമെന്നു പ്രമേയം ആവശ്യപ്പെട്ടു.ജില്ലാ പ്രസിഡന്റ് ഡോ.എസ്.ഗിരീഷ്കുമാറിന്റെ അധ്യക്ഷതയിൽ ഓൺലൈനായി നടന്ന യോഗത്തിൽ സംസ്ഥാന സെക്രട്ടറി സി വി.പൗലോസ് പ്രമേയം അവതരിപ്പിച്ചു.

ജില്ലാ സെക്രട്ടറി സോമൻ താമരക്കുളം, ജോ. സെക്രട്ടറി ഷാജി കാക്കശേരി, ഇ.ആർ.ജോഷി, ഡോ.സി.കെ.രത്നകുമാരി, ജ്യോതി വത്സൻ, ജി. ബി.കിരൺ, ഡോ.പി.എം.ജവഹർലാൽ, ശാലിനി പടിയത്ത്, സുധീർ ഗോപിനാഥ്, സോപാനം ഉണ്ണികൃഷ്ണൻ, ഉണ്ണികൃഷ്ണൻ തോട്ടശേ, ഉഷാദേവി, വി.ജെ.മെർളി പങ്കെടുത്തു.

നവീകരിച്ച കുളങ്ങളുടെ ഉദ്ഘാടനവും ആസ്തി കൈമാറ്റവും ഇന്ന്

തൃശൂർ: കോർപ്പറേഷനിൽ വിവിധ ഡിവിഷനുകളിൽ നിർമാണം പൂർത്തീകരിച്ച നാലു കുളങ്ങളുടെ ഉദ്ഘാടനവും ആസ്തി കൈമാറ്റവും കൃഷി, മണ്ണ് പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കും. ഇന്ന് ഉച്ചയ്ക്ക് രണ്ടിനു ചേറൂർ കിണർ സ്റ്റോപ്പ് പരിസരത്തുള്ള എടത്തറ മാനു സ്മാരക ബിൽഡിംഗ് ഹാളിൽ നടക്കുന്ന ചടങ്ങിൽ പി. ബാലചന്ദ്രൻ എം.എൽ.എ. അധ്യക്ഷത വഹിക്കും. മേയർ എം.കെ. വർഗീസ് മുഖ്യാതിഥിയാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസും മുൻ മന്ത്രി വി.എസ്. സുനിൽകുമാറും മുഖ്യ പ്രഭാഷണം നടത്തും. ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ ബിന്ദു മേനോൻ പദ്ധതി വിശദീകരണം നടത്തും. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് 2020-21ൽ ഉൾപ്പെടുത്തി മണ്ണു പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് കോർപ്പറേഷൻ പരിധിയിലെ 2, 9, 16, 55 എന്നീ ഡിവിഷനുകളിൽ 497.23 ലക്ഷം രൂപ ചെലവഴിച്ചു നവീകരിച്ച സീതാറാം മിൽ കുളം, തേൻകുളങ്ങര ദേവീ ക്ഷേത്രക്കുളം, പനഞ്ചകം ചിറ, മണത്തിട്ട വിഷ്ണുക്ഷേത്രക്കുളം എന്നീ പുനരുദ്ധരിച്ച ജലസംഭരണികളുടെ ഉദ്ഘാടനവും ആസ്തി കൈമാറ്റവും മുഖ്യമന്ത്രിയുടെ നാലാം 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തിയാണു നാടിന് സമർപ്പിക്കുന്നത്. ഉദ്ഘാടനത്തോടനുബന്ധിച്ച് ഐ.ഡബ്ല്യു.ഡി.എം.കെ ചടയമംഗലത്തിന്റെ നേതൃത്വത്തിൽ കർഷകർക്കായി മണ്ണിനെ അറിയാം മൊബൈലിലൂടെ പരിശീലന പരിപാടിയും നടക്കും.

എസിഎസ് വാര്യർ അനുസ്മരണം

ഇരിങ്ങാലക്കുട : മികച്ച സഹകാരിയും സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പ്രസിഡന്റുമായിരുന്ന എ.സി.എസ് വാര്യരുടെ 8-ാം ചരമ വാർഷികത്തോടനുബന്ധിച്ച് അനുസ്മരണം സംഘടിപ്പിച്ചു. ബാങ്ക് പ്രസിഡന്റ് തിലകൻ പൊയ്യാറ ഉദ്ഘാടനം ചെയ്തു. ഡയറക്ടർമാരായ കെ.കെ ശോഭനൻ, എ.സി സുരേഷ്, പ്രിൻസൻ തയ്യാലക്കൽ, സെക്രട്ടറി കെ.എസ് ശ്രീജിത്ത് പ്രസംഗിച്ചു. ഡയറക്ടർമാരായ കെ.ഗോപാലകൃഷ്ണൻ, ഇന്ദിര ഭാസി, എം.കെ കോരൻ, കെ.എൽ ജെയ്സൺ, ഇ.വി മാത്യു, കെ.ഹരിദാസ്, അസി.സെക്രട്ടറി കെ.ആർ ജയശ്രീ, മാനേജർ ഇൻ ചാർജ് വി.ഡി രേഷ്മ, സി.ബി ബിനോജ് പങ്കെടുത്തു.

ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്

TATA

റെജി. ഓഫീസ്: 11-ാം നില, ടവർ-എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപത് റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ-400 013, ബ്രാഞ്ച് വിലാസം: ട്രിച്ചൂർ ട്രേഡ് സെന്റർ, കുറുപ്പം റോഡ്, തൃശൂർ-680001.

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1)

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1) വ്യവസ്ഥ ചേർത്തു വായന പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്

ലോൺ അക്കൗണ്ട് നമ്പർ. 21001828 AND TCFLA0471000010970827: ശ്രീ സന്തോഷ് ജേക്കബ് ഇ

[illegible]

ജാമ്യ വസ്തുവിന്റെ വിശദാംശങ്ങൾ	ജപ്തിയുടെ തരം കൺസ്ട്രക്റ്റീവ്/ ഫിസിക്കൽ	റിസർവ് തുക (രൂപ)	നിരതദ്രവ്യ തുക ഇഎംഡി (രൂപ)
അരണാട്ടുകര വില്ലേജിൽ സർവേ നമ്പർ ഒരേക്കർ 4.70 ആർസ് വിസ്തൃതിയോടു കൂടിയ സ്ഥാവര സ്ഥലവും അതിനോട് ചേർന്ന് തൃശൂർ കോർപ്പറേഷനിലുള്ള XVII/110/8, XVII/110/9, XVII/110/10, XVII/110/11, XVII/110/12, XVII/110/13 & XVII/110/14 എന്നീ നമ്പറുകളിലുള്ള കെട്ടിടവും [illegible]	ഫിസിക്കൽ	Rs. 2,76,20,000/- (രണ്ട് കോടി എഴുപത്താറ് ലക്ഷത്തി ഇരുപതിനായിരം രൂപ)	Rs. 27,62,000/- (ഇരുപത്തേഴ് ലക്ഷത്തി അറുപത്തിരണ്ടായിരം രൂപ)

[illegible] 2002 ലെ SARFAESI ആക്ട് [illegible] https://bankauctions.in [illegible] rakesh.kokkattu@tatacapital.com, മൊബൈൽ നമ്പർ. +916282658079. [illegible] https://bit.ly/3MoKM5j [illegible]

സ്ഥലം: തൃശൂർ (കേരളം) തിയതി: 31.08.2024 ഒപ്പ് /- അംഗീകൃത ഓഫീസർ ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്

പ്രതിഭകളെ തേടി ആകാശ്; ആന്തെ ദേശീയ സ്കോളർഷിപ്പ് പരീക്ഷ ഒക്ടോബറിൽ

ആന്തെ ദേശീയ സ്കോളർപ്പിപ്പ് പരീക്ഷയുടെ മുന്നൊരുക്കങ്ങൾക്ക് തൃശൂർ ആകാശിൽ തുടക്കം കുറിച്ചപ്പോൾ.

തൃശൂർ: പരീക്ഷാ പരിശീലന സ്ഥാപനമായ ആകാശ് നടത്തുന്ന ആന്തെ ദേശീയ സ്കോളർഷിപ്പ് പരീക്ഷ ഒക്ടോ. 19 മുതൽ 27 വരെ നടക്കും. 100 ശതമാനം വരെ സ്കോളർഷിപ്പ് ലഭ്യമാക്കുന്ന പരീക്ഷ എട്ട്, ഒൻപത് ക്ലാസുകളിലെ ഉയർന്ന മാർക്കുള്ള 100 വിദ്യാർഥികൾക്കും 11, 12 ക്ലാസുകളിലെ 50 പേർക്കും കാഷ് അവാർഡുകൾ നൽകും. അഞ്ച് വിദ്യാർഥികൾക്കു യു.എസ്. എയിലെ കെന്നഡി സ്പെയ്സ് സെന്ററിൽ മുഴുവൻ ചെലവും വഹിക്കുന്ന അഞ്ചുദിന യാത്ര സൗകര്യപ്പെടുത്തും. നീറ്റ്, ജെ.ഇ.ഇ മെയിൻ, അഡ്വാൻസ് റാങ്കുകൾ നേടിയ പലരും അവരുടെ പരിശ്രമം ആരംഭിച്ചത് ആന്തെയ്ക്കൊപ്പമാണ്. ഓൺലൈനിലും ഓഫ്ലൈനിലുമായാണു പരീക്ഷ. anthe.aakash.ac.in എന്ന വെബ്സൈറ്റിലോ, അടുത്ത ആകാശ് സെന്ററിൽ നേരിട്ടോ രജിസ്റ്റർ ചെയ്യാം.ഒക്ടോ. 20 മുതൽ 27 വരെ രാവിലെ 10.30 മുതൽ 11.30 വരെ രാജ്യമാകെ 315 കേന്ദ്രങ്ങളിലായി ഓഫ്ലൈൻ പരീക്ഷ നടക്കും. ഓൺലൈൻ പരീക്ഷ 19 മുതൽ 27 വരെ അനുയോജ്യമായ ഏതു സമയത്തും ചെയ്യാം. 90 മാർക്കിന്റെ 40 ചോദ്യങ്ങളാണ് ഉണ്ടാവുക. ഓൺലൈൻ പരീക്ഷ തുടങ്ങുന്നതിനു മൂന്നു ദിവസം മുൻപു വരെയും ഓഫ്ലൈൻ പരീക്ഷയ്ക്ക് ഒരാഴ്ച മുൻപു വരെയും അപേക്ഷിക്കാം. 200 രൂപയാണു പരീക്ഷാ ഫീസ്. പത്താം ക്ലാസുകാർക്കു നവം. എട്ടിനും എട്ട്, ഒൻപ് ക്ലാസുകാർക്ക് 13നും 11, 12 ക്ലാസുകാർക്ക് 16നുമാണു ഫലപ്രഖ്യാപനം. വാർത്താസമ്മേളനത്തിൽ മേഖലാ മേധാവി അരുൺ വിശ്വനാഥ്, ബ്രാഞ്ച് മേധാവി പി.സുജിത്ത്, അക്കാദമിക് മേധാവികളായ ഭാനുപ്രിയ, പി. ലക്ഷ്മിപതി, ആർ. മേനോൻ പങ്കെടുത്തു.

ദേശീയ കായിക വേദിയുടെ കേരത്തിലെ മികച്ച കായിക പരിശീലകനുള്ള അവാർഡ് ലഭിച്ച ഗോഡ്സൺ ബാബു.

അറിയിപ്പ്

KL-08-BY-7078 , വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ OMAR ABDULLAH VAHAB, NALAKATH PUTHENPURAKKAL HOUSE, P O MUNDUR, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരി ക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

എന്ന്
ഒപ്പ്
അഡീഷണൽ രജിസ്റ്ററിങ് അതോറിറ്റി
തൃശ്ശൂർ